നം. കൈറ്റ്/2026/1527 (35)

തീയതി: 24.10.2026

# സർക്കുലർ

**വിഷയം: കൈറ്റ് – 'കീ' (KEY) : പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾക്കായി അധ്യാപകർക്ക് ഏകീകൃത ലോഗിൻ സംവിധാനം ഏർപ്പെടുത്തിയത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എജ്യുക്കേഷൻ (കൈറ്റ്) തയ്യാറാക്കി പരിപാലിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലേക്കുള്ള പ്രവേശനം ലളിതവും സുരക്ഷിതവുമാക്കുന്നതിനായി 'കീ' (KEY – KITE Enabling You) എന്ന പേരിൽ പുതിയ ഓതന്റിക്കേഷൻ ആപ്ലിക്കേഷൻ കൈറ്റ് വികസിപ്പിച്ചിട്ടുണ്ട്. സ്കൂളുകളിൽ സ്ഥിരമായി ഉപയോഗിക്കുന്ന സമഗ്ര, സഹിതം, മുകുളം എന്നീ പോർട്ടലുകളിൽ വെവ്വേറെ ലോഗിനുകളിലൂടെയാണ് അധ്യാപകർ പ്രവേശിക്കുന്നത്. ഓരോ പോർട്ടലിലേക്കും വ്യത്യസ്ത യൂസർനെയിമും പാസ്‌വേഡും ഓർത്തുവെക്കുന്നതും കൈകാര്യം ചെയ്യുന്നതിനും ബുദ്ധിമുട്ടൊഴിവാക്കുന്നതിനുമായി ഒരു ഏകീകൃത ഐഡന്റിറ്റി ഉപയോഗിച്ച് വിവിധ പ്ലാറ്റ്ഫോമുകളിലേക്ക് പ്രവേശിക്കാൻ സൗകര്യമൊരുക്കുന്നതാണ് ഈ സംവിധാനം. കൂടാതെ സമന്വയ പോർട്ടൽ ഉപയോഗിക്കുന്ന എല്ലാ ജീവനക്കാർക്കും, VHSE NSS പോർട്ടൽ, സമ്പൂർണയിലെ സ്കൂൾ, എ.ഇ.ഒ, ഡി.ഇ.ഒ ലോഗിനുകൾ എന്നിവയിൽ മൊബൈൽ SMS OTP യ്ക്ക് പകരമായി കൂടുതൽ സുരക്ഷിതവും സൗകര്യപ്രദവുമായ ടൈം–ബേസ്ഡ് വൺ–ടൈം പാസ്‌വേഡ് (TOTP) വഴിയുള്ള ടു–ഫാക്ടർ ഓതന്റിക്കേഷനും (2FA) 'കീ' പിന്തുണയ്ക്കുന്നുണ്ട്. കീ ആപ്പ് വഴി ലോഗിൻ ചെയ്യുന്നതിനും TOTP മേല്പറഞ്ഞ പോർട്ടലുകളിൽ ആവശ്യമുള്ള അധ്യാപകരും മറ്റു ഓഫീസ് ജീവനക്കാരും പ്രസ്തുത സംവിധാനങ്ങൾ ലഭിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്.

1. ഗൂഗിൾ പ്ലേ സ്റ്റോറിൽ ലഭ്യമാക്കിയിരിക്കുന്ന 'കീ' ആപ്പ് ആൻഡ്രോയിഡ് ഫോണുകളിൽ ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിക്കാവുന്നതാണ്.
2. ആപ്പ് രജിസ്ട്രേഷൻ സമയത്ത് അധ്യാപകർ സ്പാർക്കിൽ നൽകിയിരിക്കുന്ന പേര്, പെൻ (Permanent Employee Number), മൊബൈൽ ഫോൺ നമ്പർ, ഇമെയിൽ ഐഡി എന്നിവ നൽകി. മൊബൈലിലേക്കും ഇ–മെയിലിലേക്കും ലഭിക്കുന്ന OTP ഉപയോഗിച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കുക.

3. TOTP സേവനങ്ങൾക്കായി 'കീ' ആപ്പിൽ Link App മെനുവിൽ നൽകിയിട്ടുള്ള അപ്ലിക്കേഷൻ ലിസ്റ്റിൽ നിന്നും Link ഓപ്ഷൻ ഉപയോഗിച്ച് ആപ്ലിക്കേഷനുകൾ ലിങ്ക് ചെയ്യുക. ഇങ്ങനെ ലിങ്ക് ചെയ്ത പോർട്ടലുകൾ 'കീ' ആപ്പിൽ കാണിക്കുന്ന OTP ലോഗിൻ ചെയ്യേണ്ടതാണ് (പോർട്ടലിൽ നിന്നും മൊബൈലിലേക്ക് SMS OTP ലഭ്യമാകുന്നതല്ല.)

4. ഡെസ്ക് ടോപ്പ് / ലാപ്ടോപ്പ് വഴി QR code ലോഗിൻ അനുവദിച്ച പോർട്ടലുകളിൽ ലോഗിൻ ചെയ്യുമ്പോൾ 'കീ' ആപ്പിലൂടെ പോർട്ടലിൽ നൽകിയിട്ടുള്ള QR കോഡ് സ്കാൻ ചെയ്ത് ലോഗിൻ അനുമതി നൽകേണ്ടതാണ്.

5. കീ ആപ്പ് ഇൻസ്റ്റാൾ ചെയ്തിട്ടുള്ള ഫോണിൽ മൊബൈൽ ബ്രൗസർ വഴി പോർട്ടലുകളിലേക്ക് ലോഗിൻ ചെയ്യുന്നതിനായി 'Login with KITE KEY' ഓപ്ഷൻ തെരഞ്ഞെടുക്കുമ്പോൾ automatic ആയി തന്നെ ബ്രൗസറിൽ നിന്നും 'കീ' ആപ്പിലേക്ക് ലോഗിൻ അഭ്യർത്ഥന മാറുകയും ഫോണിന്റെ പിൻ (pin), പാറ്റേൺ അല്ലെങ്കിൽ ഫിംഗർപ്രിന്റ് തുടങ്ങിയ സുരക്ഷാ മാർഗ്ഗങ്ങൾ ഉപയോഗിച്ച് പോർട്ടലിൽ ലോഗിൻ ചെയ്യാവുന്നതാണ്.

***<u>കുറിപ്പ്:</u>***

*പോർട്ടലുകളിൽ നൽകിയിട്ടുള്ള പെൻ, മൊബൈൽ നമ്പർ, ഇമെയിൽ ഐഡി എന്നിവ spark പോർട്ടലിൽ ഉള്ളതാണെങ്കിൽ മാത്രമേ 'കീ' ആപ്പ് വഴിയുള്ള QR code ലോഗിൻ സേവനം ലഭ്യമാകുകയുള്ളൂ. കൂടാതെ കൈറ്റിന്റെ മറ്റ് പോർട്ടലുകളിലേക്കും കീ ആപ്പ് സേവനങ്ങൾ ലഭ്യമാകുന്നതിയിരിക്കും. വിശദമായ യൂസർ മാന്വൽ ഇതോടൊപ്പം ചേർക്കുന്നു.*

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും/അധ്യാപകർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർ/ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേക്ക്
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ-മാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന

# KITE: KEY APP  USER GUIDE

1. ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും ആൻഡ്രോയിഡ് ഫോണുകളിൽ **KITE KEY** ആപ്പ് ഇൻസ്റ്റാൾ ചെയ്യുക.




2. **Register** ബട്ടൺ ക്ലിക്ക് ചെയ്ത് Name, PEN, Mobile Number, E-Mail Address ഇവ നൽകി KEY App ൽ User Registration പൂർത്തിയാക്കുക.






3. Mobile ലും E-Mail ലും ലഭിക്കുന്ന OTP ഉപയോഗിച്ചാണ് E-Mail Id and Mobile Number വെരിഫിക്കേഷൻ പൂർത്തിയാകേണ്ടത് .

> പോർട്ടലുകളിൽ നൽകിയിട്ടുള്ള പെൻ , മൊബൈൽ നമ്പർ , ഇമെയിൽ ഐഡി എന്നിവ spark പോർട്ടലിൽ ഉള്ളതാണെങ്കിൽ മാത്രമേ കീ ആപ്പ് വഴിയുള്ള QR Code Login സേവനം ലഭ്യമാകുകയുള്ളു




4. തുടർന്ന് Menu ക്ലിക്ക് ചെയ്ത് PEN വെരിഫിക്കേഷൻ നടത്തുക.

5. TOTP സേവനം ലഭ്യമായിട്ടുള്ള അപ്ലിക്കേഷനുകളുമായി ലിങ്ക് ചെയ്യുന്നതിനായി **Link App** ക്ലിക്ക് ചെയ്യുക. Available Applications ന് നേരെയുള്ള **Link** ബട്ടൺ ക്ലിക്ക് ചെയ്ത് TOTP സംവിധാനം Enable ചെയ്യാവുന്നതാണ്. ലിങ്ക് ചെയ്ത ആപ്ലിക്കേഷനുകളിൽ ലോഗിൻ ചെയ്യുന്നതിനായി മൊബൈലിലെ KEY App ൽ ലഭ്യമാകുന്ന TOTP ആണ് ഉപയോഗിക്കേണ്ടത്.







6. Username, Password ഇവ ഉപയോഗിച്ച് പോർട്ടലുകളിൽ ലോഗിൻ ചെയ്യുന്നതിന് പകരമായി **Login with KITE KEY** എന്ന ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ QR Code ദൃശ്യമാകുന്നതാണ്.



7. KEY App ലെ **QR Login** ക്ലിക്ക് ചെയ്ത് **QR** കോഡ് സ്കാൻ ചെയ്ത് ലോഗിൻ Approval ചെയ്യാവുന്നതാണ്.

